**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിൽ പ്ലസ് വൺ കോഴ്സുകൾക്ക് അധിക ബാച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസായ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ കോഴ്സുകൾക്ക് സീറ്റുകളില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | താൽക്കാലിക സീറ്റ് വർദ്ധനവിലൂടെ പ്രസ്തുത പ്രശ്നം എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന വ്യക്തമാക്കുമോ; | (ബി) | രണ്ട് അലോട്ട്മെന്റുകൾ പൂർത്തീകരിച്ച പ്പോൾ സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ കുറവില്ല. |
| (സി) | 2011-16 കാലഘട്ടത്തിൽ അനുവദിച്ചതുപോലെ അധിക ബാച്ചുകൾ അനുവദിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ തയ്യാറാകുമോയെന്ന വ്യക്തമാക്കാമോ? | (സി) | നിലവിൽ ബാച്ചുകൾ അനുവദിക്കേണ്ട സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ